# ETSB- ഇവിടെയുണ്ട് നിങ്ങൾക്കുള്ള ഉത്തരങ്ങൾ

1. **എന്താണ് ETSB ?**

സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ആരംഭിച്ചിരിക്കുന്ന ട്രഷറിയിലെ സാലറി അക്കൗണ്ടുകളാണ് ETSB.

2. **ഈ അക്കൗണ്ട് ആരംഭിക്കുന്നതിനായി ജീവനക്കാർ എന്ത് ചെയ്യണം?**

ഈ അക്കൗണ്ട് ആരംഭിക്കുന്നതിനായി ജീവനക്കാർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്പാർക്ക് സംവിധാനത്തിൽ ലഭിച്ച ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ e-KYC ആയി സ്വീകരിച്ച് ഒരു ഓട്ടോമേറ്റഡ് പ്രോസസ്സിലൂടെ ട്രഷറികൾ തന്നെ എല്ലാ സർക്കാർ ജീവനക്കാർക്കും ഈ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ വിവരങ്ങൾ സ്പാർക്ക് സംവിധാനത്തിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് ആയി നൽകിയിട്ടുണ്ട്.

3. **എന്താണ് ഈ അക്കൗണ്ടിന്റെ പ്രത്യേകതകൾ.**

ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഈ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് ജീവനക്കാർക്ക് താഴെ പറയുന്ന മൂന്ന് മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

(i) ഡി.ഡി.ഒ–ക്ക് സമ്മതപത്രം നൽകി

(ii) ഈ അക്കൗണ്ടിന് ചെക്ക് ബുക്ക് വാങ്ങി ചെക്ക് മുഖേന.

(iii) ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ച്.

4. **ഡി.ഡി.ഒ–ക്ക് സമ്മതപത്രം നൽകേണ്ടത് എപ്രകാരമാണ്.**

തങ്ങളുടെ ETSB അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന പ്രതിമാസ ശമ്പളത്തിന്റെ എത്ര ശതമാനം ബാങ്ക് അക്കൗണ്ടിലേക്ക മാറ്റണം എന്ന് വ്യക്ത മാക്കി ETSB അക്കൗണ്ടിന്റെ വിശദാംശങ്ങൾ സഹിതം ഡി.ഡി.ഒ-ക്ക് സമ്മതപത്രം നൽകിയാൽ മതി. അതിനായി നിശ്ചിത ഫോറം ഇല്ല.

**5. ചെക്ക് ബുക്ക് ലഭിക്കുന്നതിന് ജീവനക്കാർ എന്താണ് ചെയ്യേണ്ടത്.**

ഒരു തിരിച്ചറിയൽ രേഖ സഹിതം അതിന്റെ ഒരു പകർപ്പിൽ തങ്ങളുടെ ETSB അക്കൗണ്ട് നമ്പറും ഒപ്പും രേഖപ്പെടുത്തി ട്രഷറിയെ സമീപിച്ചാൽ ട്രഷറിയിൽ നിന്ന് ചെക്ക് ബുക്ക് നൽകുന്നതാണ്. ഓഫീസ് അടിസ്ഥാനത്തിൽ ഡി.ഡി.ഒ ജീവനക്കാരുടെ തിരിച്ചറിയൽ വിവരങ്ങൾ താഴെ പറയുന്ന ഫോറത്തിൽ ശേഖരിച്ച് അത് സഹിതം ചെക്ക് ബുക്ക് ആവശ്യപ്പെട്ട് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് കത്ത് നൽകിയാൽ ട്രഷറിയിൽ നിന്നും ഓഫീസ് അടിസ്ഥാനത്തിൽ ചെക്ക് ബുക്കുകൾ ഇഷ്യു ചെയ്യുന്നതാണ്. ഇവിടെ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ട്രഷറി ഇഷ്യു ചെയ്ത ബുക്കുകൾ ബന്ധപ്പെട്ട ജീവനക്കാരന്റെ കൈകളിൽ എത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും ഡി.ഡി.ഒ-യുടെ ഉത്തരവാദിത്വമാണ്.

| സീരിയൽ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | ETSB അക്കൗണ്ട് നമ്പർ | മൊബൈൽ നമ്പർ | ഒപ്പ് |
|---|---|---|---|---|
| | | | | |
| | | | | |

**6. ETSB അക്കൗണ്ടിന് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ലഭിക്കുന്നതിന് ജീവനക്കാർ എന്ത് ചെയ്യണം**

ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഓൺലൈൻ പ്രോസസ്സിലൂടെയും ഓഫ്‌ലൈൻ പ്രോസസ്സിലൂടെയും ലഭിക്കുന്നതാണ്. tsbonline.kerala.gov.in ലൂടെ രജിസ്ട്രേഷൻ നടത്തി സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരന്റെ മൊബൈൽ നമ്പറിൽ ലഭിക്കുന്ന OTP നൽകി ഇന്റർനെറ്റ് ബാങ്കിംഗ്

സൗകര്യം ലഭ്യമാക്കാവുന്നതാണ്. ഓൺലൈൻ സൗകര്യം ഉപയോഗിക്കാൻ സാധിക്കാത്തവർക്ക് ഓഫ്‌ലൈൻ സൗകര്യം ഉപയോഗിക്കാവുന്നതാണ്. ഇതിന് ഒരു അപേക്ഷയും KYC യും സഹിതം ട്രഷറിയെ നേരിട്ട് സമീപിച്ചാൽ ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ലഭിക്കുന്നതാണ്. ഇന്റർനെറ്റ് ബാങ്കിംഗിലൂടെ പ്രതിദിനം രണ്ടുലക്ഷം രൂപയുടെ ഇടപാടുകൾ നടത്താം.

**7. ഇന്റർനെറ്റ് ബാങ്കിംഗ് ഉപയോഗിക്കുമ്പോൾ എന്തെല്ലാം സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം ?**

ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യത്തിന് താൽപര്യപ്പെടുന്ന എല്ലാ ജീവന ക്കാരും സ്പാർക്ക് സംവിധാനത്തിൽ ചേർത്തിരിക്കുന്ന അവരുടെ മൊബൈൽഫോൺ നമ്പർ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജീവനക്കാർ അവരുടെ പാസ്‌വേഡും മൊബൈൽ ഫോൺ നമ്പറിൽ ലഭിക്കുന്ന OTP യും ഒരു കാരണവശാലും മറ്റുള്ളവർക്ക് കൈമാറരുത്. മൊബൈൽ ഫോണിൽ ലഭിക്കുന്ന സന്ദേശങ്ങൾ ശ്രദ്ധിക്കുകയും അക്കൗണ്ടിലെ ഇടപാടുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണം. ഇടപാടുകളിൽ എന്തെങ്കിലും സംശയം തോന്നിയാൽ ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെയോ ട്രഷറി ഡയറക്ടറേറ്റിന്റെയോ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരണം.

**8. ETSB നടപ്പിലാക്കുന്നതിൽ ഡി.ഡി.ഒ-യുടെ ചുമതലകൾ എന്തെല്ലാമാണ്.**

ETSB സംവിധാനത്തെകുറിച്ച് ജീവനക്കാരുടെ ഇടയിൽ വ്യാപക പ്രചാരണം നടത്തേണ്ടതും ETSB യിൽ ശമ്പളം നിലനിർത്താൻ ജീവനക്കാരെ പ്രോത്സഹിപ്പിക്കേണ്ടതും ഡി ഡി ഒയുടെ പ്രാഥമിക ചുമതലയാണ്. തങ്ങളുടെ നിയ ന്ത്രണത്തിലുള്ള ജീവനക്കാരുടെ ETSB അക്കൗണ്ടിൽ നിലനിർത്തേണ്ട ശമ്പളതുക യുടെ ശതമാനം BIMS ൽ ലഭ്യമായ സൗകര്യം ഉപയോഗിച്ച് രേഖപ്പെടുത്തേണ്ടത് ഡി.ഡി.ഒ-യുടെ ചുമതലയാണ്. ജീവനക്കാരൻ എഴുതി നൽകുന്ന സമ്മതപത്ര ത്തിന്റെ അടിസ്ഥാനത്തിലാവണം ഈ രേഖപ്പെടുത്തൽ വരുത്തേണ്ടത്. ജീവന ക്കാരൻ ഒരിക്കൽ നൽകിയ സമ്മതപത്രം പിന്നീട് ഭേദഗതി ചെയ്ത് നൽകിയാൽ

അത് പരിഗണിച്ച് ആദ്യം രേഖപ്പെടുത്തിയ ശതമാനം മാറ്റാവുന്നതാണ്. മുൻ ഖണ്ഡിക അഞ്ചിൽ വിവരിച്ച പ്രകാരം തന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർക്ക് ചെക്ക് ബുക്ക് ലഭിക്കാൻ സമാഹൃത അപേക്ഷ ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്. സമാഹൃത അപേക്ഷയിൽ ചെക്ക് ബുക്ക് ആവശ്യപ്പെടുന്ന ജീവനക്കാർ ഇതിനായി വ്യക്തിഗത അപേക്ഷ ട്രഷറിയിൽ സമർപ്പിക്കരുത്.

9. **ETSB ക്ക് KYC നിർബന്ധമാണോ ?**

എല്ലാ ജീവനക്കാർക്കും ETSB തുടങ്ങുന്നത് അവരുടെ സ്പാർക്കിലെ വിവരങ്ങൾ ഉപയോഗിച്ച് ഒരു ഓട്ടോമേറ്റഡ് പ്രോസസ്സിലൂടെയാണ്. ഈ ഘട്ടത്തിലും പിന്നീട് ചെക്ക് ബുക്ക് ലഭിക്കുന്നതിനും ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനും KYC ആവശ്യമില്ല. എന്നാൽ രണ്ടുമാസത്തിന് ശേഷവും മേൽ സൗകര്യങ്ങൾ തുടർന്നും ഉപയോഗിക്കുന്നതിന് രണ്ട് മാസത്തിനുള്ളിൽ KYC നിർബന്ധമായും ട്രഷറിയിൽ നൽകിയിരിക്കണം.

10. **ഇങ്ങനെ പ്രതിമാസ ശമ്പളത്തിൽ നിന്ന് ഒരു തുക ETSB അക്കൗണ്ടിൽ നിലനിർത്തിയാൽ ജീവനക്കാർക്ക് എന്താണ് മെച്ചം.**

ETSB യിൽ പ്രതിമാസം ക്രഡിറ്റ് വരുന്ന ശമ്പള തുകയിൽ നാലാം തീയതി മുതൽ 18-ാം തീയതിവരെ തുടർച്ചയായി 15 ദിവസം ഈ അക്കൗണ്ടിൽ മിനിമം ബാലൻസായി നിലനിർത്തുന്ന തുകയ്ക്ക് 6% പലിശ ജീവനക്കാരന് ലഭിക്കുന്നതാണ്. ഉദാഹരണമായി നാലാം തീയതി തന്നെ ശമ്പളം ETSB അക്കൗണ്ടിൽ ക്രഡിറ്റിൽ വരുന്ന ജീവനക്കാരൻ 18-ാം തീയതി മാത്രമേ അതിൽ നിന്ന് പിൻവലിക്കൽ നടത്തുന്നുള്ളുവെങ്കിൽ പൂർണ്ണ ശമ്പളതുകയ്ക്ക് ഈ പലിശ ലഭിക്കുന്നതാണ്. 18-ാം തീയതിക്കകം എന്തെങ്കിലും പിൻവലിക്കൽ നടത്തിയാൽ ശേഷിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കും. ഇത്തരം ഒരു പ്രയോജനം ജീവനക്കാർക്ക് ബാങ്ക് അക്കൗണ്ടിൽ നിലനിർത്തുന്ന തുകയ്ക്ക് ലഭിക്കുന്നതല്ല.

**11. സർക്കാരിന് ഇതുകൊണ്ട് എന്താണ് മെച്ചം.**

സർക്കാർ ജീവനക്കാരന്റെ നല്ലൊരു ശതമാനം ശമ്പളത്തുക ജീവന ക്കാരന് ഒരു പ്രയോജനവും ലഭിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ഈ തുക ട്രഷറിയിൽ നിലനിർത്തിയാൽ ഇത് സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. ഇങ്ങനെ സൂക്ഷിക്കുന്ന തുകയ്ക്ക് സർക്കാർ 6% പലിശ നൽകും. ഇങ്ങനെ ഇരുകൂട്ടർക്കും പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയാണ് ETSB.

**12. ETSB യും ബാങ്കുകളുടെ സേവിംഗ്സ് ബാങ്കും തമ്മിൽ എന്താണ് താരതമ്യം.**

ബാങ്കുകളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മാസം 10–ാം തീയതി മുതൽ 30 വരെ മിനിമം ബാലൻസായി നിലനിർത്തുന്ന തുകയ്ക്കാണ് ബാങ്കുകൾ 3.5% പലിശ നൽകുന്നത്. എന്നാൽ മാസാവസാനത്തോടെ ജീവനക്കാരുടെ അക്കൗ ണ്ടിൽ ഒന്നും ശേഷിക്കാതെ പിൻവലിക്കുന്നതുകൊണ്ട് ജീവനക്കാരന്റെ ബാങ്കിലെ സാലറി അക്കൗണ്ടുകൾക്ക് ഈ പ്രയോജനം ലഭിക്കുന്നില്ല. ETSB യിൽ മാസതുട ക്കത്തിൽ 15 ദിവസം തുടർച്ചയായി നിലനിർത്തുന്ന തുകയ്ക്ക് 6% പലിശ ലഭിക്കു ന്നതാണ്. ലോൺ പേയ്മെന്റ് ഉൾപ്പെടെയുള്ള തന്റെ പേയ്മെന്റുകൾ ബുദ്ധിപര മായി ക്രമീകരിക്കുന്ന ജീവനക്കാരന് തന്റെ ശമ്പളത്തുക ഇ.റ്റി.എസ്.ബി–യിൽ നില നിർത്തുന്നതുവഴി നല്ലൊരു വരുമാനമാർഗ്ഗം ഉണ്ടാക്കാം.

**13. പലിശ ലഭിക്കുന്നതിന് ETSB യിൽ തുക സ്ഥിരമായി നിലനിർത്തേണ്ട തുണ്ടോ ?**

പലിശ ലഭിക്കുന്നതിന് ഈ അക്കൗണ്ടിൽ നാലാം തീയതി മുതൽ 18–ാം തീയതി വരെയുള്ള കാലയളവിൽ കുറഞ്ഞത് 15 ദിവസം തുടർച്ചയായി തുക നില നിർത്തിയാൽ മതി. സ്ഥിരമായി നിലനിർത്തുന്നവർക്ക് ആ കാലയളവിലെ പലിശ ലഭിക്കും.

**14. ETSB അക്കൗണ്ടിൽ വെളിയിൽ നിന്ന് തുക നിക്ഷേപിക്കാൻ ആകുമോ?**

ETSB അക്കൗണ്ട് ട്രഷറിയിലെ ജീവനക്കാരുടെ സാലറി അക്കൗണ്ടാണ്. ഇതിൽ പുറത്തുനിന്ന് നിക്ഷേപങ്ങൾ നടത്താനാകില്ല.

**15. ഡി.ഡി.ഒ–മാർക്കും ജീവനക്കാർക്കും ETSB അക്കൗണ്ടിന്റെ കാര്യത്തിൽ എന്ത് സേവനമാണ് ട്രഷറിയിൽ നിന്ന് ലഭിക്കുന്നത് ?**

ETSB സംബന്ധമായ എല്ലാവിധ സേവനങ്ങളും നൽകുന്നതിന് എല്ലാ ട്രഷറികളിലും പ്രത്യേകം കൗണ്ടർ ഉണ്ടായിരിക്കുന്നതാണ്. ഇവിടെ നിന്നും ETSB സംബന്ധമായ എല്ലാവിധ വിവരങ്ങളും ലഭിക്കുന്നതും ജീവനക്കാരുടെ വ്യക്തിഗത അപേക്ഷ പരിഗണിച്ചും ഡി.ഡി.ഒ സമർപ്പിക്കുന്ന സമാഹൃത അപേക്ഷ പരിഗണിച്ചു ജീവനക്കാർക്ക് ചെക്ക് ബുക്ക് ഇഷ്യു ചെയ്യുന്നതാണ്. ജീവനക്കാരുടെ ഇന്റർനെറ്റ് ബാങ്കിംഗിനുള്ള ഓൺലൈൻ അല്ലാതെയുള്ള അപേക്ഷയും ഈ കൗണ്ടർ മുഖേന പരിശോധിച്ച് സേവനം നൽകുന്നതാണ്.

**16. ഈ അക്കൗണ്ടിന് എ ടി എം സൗകര്യം ലഭിക്കുമോ ?**

ട്രഷറി അക്കൗണ്ടുകൾക്ക് എ ടി എം സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വരും മാസങ്ങളിൽ തന്നെ ട്രഷറി അക്കൗണ്ടുകൾക്ക് എ ടി എം സൗകര്യം ലഭ്യമാക്കുന്നതാണ്.